# സൂറ – 28 / അൽ ഖസ്വസ്വ്

## സൂക്തം: 65 – 70

സത്യവും ധർമവും പ്രബോധനം ചെയ്ത പ്രവാചകന്മാരോടുള്ള നിങ്ങളുടെ സമീപനം എന്തായിരുന്നു? അവർ പ്രബോധനം ചെയ്ത സന്ദേശങ്ങൾ ശ്രദ്ധിച്ചു കേട്ടുവോ? ഉപദേശങ്ങൾ മാനിച്ചുവോ, ധർമങ്ങളും നിയമങ്ങളും അനുസരിച്ചുവോ? ഈ ചോദ്യങ്ങൾക്കൊന്നും ന്യായമായ ഒരു മറുപടിയും പറയാനാവാതെ അവർ സ്തബ്ധരായിപ്പോകുന്നു. പ്രവാചക സന്ദേശങ്ങളെ നിസ്സങ്കോചം നിഷേധിക്കുകയും അവരുടെ തത്ത്വോപദേശങ്ങളും ധർമശാസനകളും അഹന്തയോടെ ധിക്കരിക്കുകയുമായിരുന്നുവല്ലോ അവർ ചെയ്തത്!



وَيَوْمَ يُنَادِيهِمْ فَيَقُولُ مَاذَا أَجَبْتُمُ الْمُرْسَلِينَ ﴿٦٥﴾

فَعَمِيَتْ عَلَيْهِمُ الْأَنبَاءُ يَوْمَئِذٍ فَهُمْ لَا يَتَسَاءَلُونَ ﴿٦٦﴾

65. ജനത്തെ വിളിച്ചുകൂട്ടുന്ന നാളിനെ ഓർക്കുവിൻ. അന്ന് അവരോട് ചോദിക്കും: ദൈവദൂതന്മാരോട് നിങ്ങൾ പ്രതികരിച്ചതെന്തായിരുന്നു.

66. അന്നേരം അവർക്ക് ഉരിയാട്ടം മുട്ടിപ്പോകുന്നു. പരസ്പരം ചോദിക്കാനും കഴിയുന്നില്ല.

**65,66**

وَيَوْمَ يُنَادِيهِمْ = അവരെ (ജനത്തെ) വിളിച്ചുകൂട്ടുന്ന നാൾ فَيَقُولُ = അപ്പോൾ പറയും (അന്ന് അവരോടു ചോദിക്കും)

مَاذَا أَجَبْتُمُ = നിങ്ങൾ എന്ത് ഉത്തരം കൊടുത്തു (പ്രതികരിച്ചതെന്തായിരുന്നു) الْمُرْسَلِينَ = ദൈവദൂതന്മാർക്ക്

فَعَمِيَتْ عَلَيْهِمُ الْأَنبَاءُ = അപ്പോൾ അവരുടെ മേൽ വർത്തമാനങ്ങൾ അന്ധമാകും (ഉരിയാട്ടം മുട്ടിപ്പോകുന്നു)

يَوْمَئِذٍ = അന്ന് فَهُمْ لَا يَتَسَاءَلُونَ = അവർ പരസ്പരം ചോദിക്കു(ക്കാനും കഴിയു)ന്നില്ല

നേരത്തേ 62-ാം സൂക്തം സൂചിപ്പിച്ച വിചാരണാ സഭ തന്നെയാണ് ഇവിടെയും يَوْمَ يُنَادِيهِمْ എന്ന വാക്ക് സൂചിപ്പിക്കുന്നത്. അന്ന് ആ സഭയിൽ അവിശ്വാസികൾ നേരിടേണ്ടിവരുമെന്ന് താക്കീതു ചെയ്ത മൂന്ന് ചോദ്യങ്ങളിൽ മൂന്നാമത്തേതാണിത്. പരലോകത്ത് അല്ലാഹുവിൽനിന്ന് നിങ്ങളെ രക്ഷിക്കാനെത്തുമെന്ന് വാദിച്ചിരുന്ന ഉപദൈവങ്ങൾ എവിടെ എന്നതായിരുന്നു ഒന്നാമത്തെ ചോദ്യം. അതൊക്കെ വെറും അന്ധവിശ്വാസവും മാർഗച്യുതിയുമായിരുന്നുവെന്ന് ഏറ്റുപറയുമ്പോൾ, ആ ആരാധനാമൂർത്തികളെ വിളിച്ചു പ്രാർഥിച്ചു നോക്കാൻ വീണ്ടും ആവശ്യപ്പെടുന്നു. അതനുസരിച്ച് അവിശ്വാസികൾ അവരുടെ പരദൈവങ്ങളെ വിളിച്ചു പ്രാർഥിച്ചുനോക്കുന്നു. പക്ഷേ എങ്ങുനിന്നും ഒരുത്തരവും ലഭിക്കുന്നില്ല. പകരം കൊടൂരമായ നരകശിക്ഷകൾ മാത്രം കൺമുന്നിൽ ഹാജരാക്കപ്പെട്ടുകൊണ്ടിരിക്കും. അതു കണ്ട് സത്യവിശ്വാസവും സന്മാർഗവും സ്വീകരിച്ചിരുന്നുവെങ്കിൽ തങ്ങൾക്ക് ഇന്നീ ഗതി വരുമായിരുന്നില്ലല്ലോ എന്ന നെടുംഖേദത്തിലകപ്പെടുമ്പോൾ മൂന്നാമത്തെ ചോദ്യമുയരുന്നു. സത്യവും ധർമവും പ്രബോധനം ചെയ്ത പ്രവാചകന്മാരോടുള്ള നിങ്ങളുടെ സമീപനം എന്തായിരുന്നു? അവർ പ്രബോധനം ചെയ്ത സന്ദേശങ്ങൾ ശ്രദ്ധിച്ചു കേട്ടുവോ? ഉപദേശങ്ങൾ മാനിച്ചുവോ, ധർമങ്ങളും നിയമങ്ങളും അനുസരിച്ചുവോ? ഈ ചോദ്യങ്ങൾക്കൊന്നും ന്യായമായ ഒരു മറുപടിയും പറയാനാവാതെ അവർ സ്തബ്ധരായിപ്പോകുന്നു. പ്രവാചക സന്ദേശങ്ങളെ നിസ്സങ്കോചം നിഷേധിക്കുകയും അവരുടെ തത്ത്വോപദേശങ്ങളും ധർമശാസനകളും അഹന്തയോടെ ധിക്കരിക്കുകയുമായിരുന്നുവല്ലോ അവർ ചെയ്തത്! 'അവർക്ക് വർത്തമാനങ്ങൾ കാണാതായി, മാഞ്ഞുപോയി' എന്നാണ് عَمِيَتْ عَلَيْهِمُ الْأَنبَاءُ -ന്റെ ഭാഷാർഥം. കാരണങ്ങളും ന്യായങ്ങളും പറയാനാവാതെ അന്ധാളിച്ചുപോവുക, ഉത്തരം മുട്ടുക എന്ന അർഥത്തിലുള്ള പ്രയോഗമായിട്ടാണ് ഇവിടെ

ഉപയോഗിച്ചിരിക്കുന്നത്. عَمُوا عن الْأَنبَاءِ-കാര്യങ്ങളെക്കുറിച്ച് വ്യക്തതയില്ലാത്തവരായി- ആണ് അസൽ രൂപം. അർഥപുഷ്ടിക്കു വേണ്ടിയാണ് عَمِيَتْ عَلَيْهِمُ الْأَنبَاءُ എന്നാക്കുന്നത്.

അല്ലാഹുവിന്റെ ചോദ്യത്തിന് എന്തു മറുപടി പറയണമെന്ന് പരസ്പരം ചർച്ച ചെയ്യാനും അവർക്ക് സാധിക്കുകയില്ല. ഒന്നാമതായി അത്തരം ചർച്ചകളുടെയും കൂടിയാലോചനകളുടെയും സഹകരണത്തിന്റെയുമൊക്കെ സമയം കഴിഞ്ഞുപോയിരിക്കുന്നു. വിചാരണാ സഭയിൽ ഓരോ ആത്മാവിനും തുണയായി താൻ മാത്രമേയുള്ളൂ. അവിടെ ആരും ആരെയും ഒരു തരത്തിലും സഹായിക്കുന്നില്ല. രണ്ടാമതായി അവിടെ ചോദിക്കുന്നവനും ചോദിക്കപ്പെടുന്നവനും തുല്യ അവസ്ഥയിലാണ്. നിങ്ങൾക്കില്ലാത്തതൊന്നും മറ്റുള്ളവർക്ക് ഉണ്ടായിരിക്കുകയില്ല. ഇനി ചിലയാളുകൾ പരലോകത്ത് മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്താവുന്ന കഴിവുകൾ നേടിയിട്ടുണ്ടാവാം എന്നു സമ്മതിച്ചാൽ പോലും, അല്ലാഹുവിന്റെ അനുമതിയില്ലാതെ ആ കഴിവിന്റെ പ്രവർത്തനവും വിനിമയവും സാധ്യമാവുകയില്ല എന്നത് അനിഷേധ്യമാകുന്നു. അല്ലാഹു 'അവർ പരസ്പരം ചോദിക്കുകയില്ല' (فَهُمْ لَا يَتَسَاءَلُونَ) എന്നു പറയുമ്പോൾ അതിന് അവർക്ക് പരസ്പരം ചോദിക്കാൻ കഴിയില്ലെന്നും ചോദിച്ചാൽ മറുപടി കൊടുക്കാനാവില്ലെന്നും കൂടി അർഥമാകുന്നു.

فَأَمَّا مَن تَابَ وَآمَنَ وَعَمِلَ صَالِحًا فَعَسَىٰ أَن يَكُونَ مِنَ الْمُفْلِحِينَ ﴿٦٧﴾

67. എന്നാൽ ഇനി പാപങ്ങളിൽ പശ്ചാത്തപിക്കുകയും സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവർക്ക് അവിടെ ജീവിതവിജയം കൈവരിച്ചവരുടെ ഗണത്തിൽ പെട്ടവരാകുമെന്ന് പ്രതീക്ഷിക്കാവുന്നതാകുന്നു.

**67**

فَأَمَّا مَن تَابَ= എന്നാൽ (ഇനി പാപങ്ങളിൽ) പശ്ചാത്തപി(ക്കുകയും)ച്ചവൻ

وَآمَنَ= വിശ്വസിച്ചവനും (സത്യധർമങ്ങൾ അംഗീകരിക്കുകയും)

وَعَمِلَ صَالِحًا= സൽക്കർമങ്ങൾ ആചരിച്ചവനും(രിക്കുകയും ചെയ്തവർക്ക്) فَعَسَىٰ = പ്രതീക്ഷിക്കാവുന്നതാകുന്നു

أَن يَكُونَ مِنَ الْمُفْلِحِينَ= അവർ (ജീവിത) വിജയം കൈവരിച്ചവരുടെ ഗണത്തിൽ പെട്ടവരായിത്തീരുമെന്നു

മുഹമ്മദീയ പ്രവാചകത്വത്തെയും ഖുർആനിനെയും നിഷേധിക്കുന്ന ഖുറൈശികളാണല്ലോ ഈ പ്രഭാഷണത്തിന്റെ നേരിട്ടുള്ള അഭിസംബോധിതർ. ഈ നിലപാടിന്റെ ഫലമായി അന്ത്യനാളിൽ നേരിടേണ്ടിവരുന്ന ദുരന്തം ചൂണ്ടിക്കാണിച്ചശേഷം അവരെ ഉദ്ബോധിപ്പിക്കുകയാണ്: ഇപ്പോൾ നിങ്ങൾക്ക് അവസരം നഷ്ടപ്പെട്ടു കഴിഞ്ഞിട്ടില്ല. സ്വന്തം നിലപാടുകളും നടപടികളും പുനഃപരിശോധിക്കാൻ ഇപ്പോഴും അവസരമുണ്ട്. ഇതുവരെ കൈക്കൊണ്ട അന്ധവിശ്വാസങ്ങളിലും അധർമങ്ങളിലും പശ്ചാത്തപിക്കുകയും ഈ അന്ത്യപ്രവാചകനിലും അദ്ദേഹം പഠിപ്പിക്കുന്ന ആത്മീയ സത്യങ്ങളിലും വിശ്വസിക്കുകയും ഉപദേശിക്കുന്ന ധാർമിക-സദാചാര ക്രമങ്ങൾ പാലിക്കുകയും ചെയ്യാൻ തയാറാവുക. എങ്കിൽ നിങ്ങളുടെ ജീവിതം ശുദ്ധവും സഫലവുമാകുമെന്നു പ്രതീക്ഷിക്കാം. عَسَىٰ أَن يَكُونَ مِنَ الْمُفْلِحِينَ (നിങ്ങൾ ജീവിതം സഫലമാക്കിയവരുടെ കൂട്ടത്തിൽ പെടുമെന്ന് പ്രതീക്ഷിക്കാം) എന്നാണ് മൂലവാക്യം. അല്ലാഹു ഒരു കാര്യം അങ്ങനെ ആയേക്കാം എന്ന പ്രതീക്ഷ നൽകുന്നത് അങ്ങനെ സംഭവിക്കും എന്ന് വാഗ്ദാനം ചെയ്യുന്നതിനു തുല്യമാകുന്നു.

وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ ۗ مَا كَانَ لَهُمُ الْخِيَرَةُ ۚ سُبْحَانَ اللَّهِ وَتَعَالَىٰ عَمَّا يُشْرِكُونَ ﴿٦٨﴾

68. നിന്റെ നാഥൻ അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. ഇഛിക്കുന്നവരെ തന്റെ ദൗത്യത്തിനു വേണ്ടി തെരഞ്ഞെടുക്കുന്നു. അതിലൊന്നും അവർക്ക് ഒരധികാരവുമില്ല. അല്ലാഹു പരമ പരിശുദ്ധനും ഇക്കൂട്ടർ ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനായ അത്യുന്നതനുമാകുന്നു.

**68**

وَرَبُّكَ= നിന്റെ നാഥൻ يَخْلُقُ مَا يَشَاءُ= അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു

وَيَخْتَارُ= തെരഞ്ഞെടുക്കുകയും ചെയ്യുന്നു (ഇഛിക്കുന്നവരെ അവന്റെ ദൗത്യത്തിനു വേണ്ടി തെരഞ്ഞെടുക്കുന്നു)

مَا كَانَ لَهُمُ= (അതിലൊന്നും) അവർക്ക് ഇല്ല الْخِيَرَةُ= സ്വാതന്ത്ര്യം (ഒരധികാരവും)

سُبْحَانَ اللَّهِ= അല്ലാഹു പരമ പരിശുദ്ധൻ وَتَعَالَىٰ= ഉന്നതനും (അതീതനും) ആയിരിക്കുന്നു

عَمَّا يُشْرِكُونَ= (അവർ ആരോപിക്കുന്ന) പങ്കാളിത്തങ്ങൾക്കെല്ലാം

പ്രവാചകനും ഖുർആനും ശരിയാണെങ്കിൽതന്നെ പ്രതങ്ങൾക്കത് സ്വീകരിക്കാൻ പറ്റില്ല എന്നതിന് ഖുറൈശികൾ ഉന്നയിച്ചിരുന്ന രണ്ടാമത്തെ ന്യായത്തിനുള്ള മറുപടിയാണിത്. മുഹമ്മദിനെപ്പോലെ ശക്തിയും സമ്പത്തും അധികാരവുമൊന്നുമില്ലാത്ത ഒരു വെറും മനുഷ്യനായിരുന്നില്ല പ്രവാചകനായി വരേണ്ടത്; ത്വാഇഫിലെയോ മക്കയിലേയോ മഹാ പ്രമാണിമാരിലും ധനാഢ്യരിലും പെട്ടവരാരെങ്കിലും ആയിരിക്കണമായിരുന്നു പ്രവാചകൻ. എങ്കിലേ പ്രവാചകത്വത്തിന് ഒരു നിലയും വിലയുമൊക്കെ ഉണ്ടാകൂ. അപ്പോഴേ ആളുകൾ അംഗീകരിക്കാൻ തയാറാവുകയുള്ളൂ. പണവും പ്രതാപവുമൊന്നുമില്ലാത്ത മുഹമ്മദിന്റെ വാക്ക് കേട്ടിട്ടൊന്നും ആളുകൾ അവരുടെ പാരമ്പര്യങ്ങൾ ഉപേക്ഷിക്കാൻ പോകുന്നില്ലെന്ന് വലീദുബ്നു മുഗീറ പ്രസ്താവിച്ചിരുന്നതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതേക്കുറിച്ചാണ്

وَقَالُوا لَوْلَا نُزِّلَ هَٰذَا الْقُرْآنُ عَلَىٰ رَجُلٍ مِّنَ الْقَرْيَتَيْنِ عَظِيمٍ

(അവർ ചോദിക്കുന്നു ഈ ഖുർആൻ രണ്ടു കേന്ദ്ര നഗരങ്ങളിലെ ഒരു മഹാ പുരുഷന് അവതരിക്കാതിരുന്നതെന്ത്?'-*അസ്സുഖ്റുഫ്* 31) എന്ന വാക്യം അവതരിച്ചതെന്നും നിവേദനമുണ്ട്. ഈ ചോദ്യത്തിന് മറുപടിയായിട്ടാണ് أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ (അവരാണോ നിന്റെ നാഥന്റെ അനുഗ്രഹം വീതിച്ചുകൊടുക്കുന്നത് - 43:32) اللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ (അല്ലാഹുവിനറിയാം തന്റെ സന്ദേശം എവിടെ സ്ഥാപിക്കണമെന്ന് - 6:124) തുടങ്ങിയ വചനങ്ങൾ അവതരിച്ചത്. ഇതിന്റെ തന്നെ മറ്റൊരു ഭാഷ്യമാണ് وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ مَا كَانَ لَهُمُ الْخِيَرَةُ خير (നല്ലത്, ഗുണകരം, വിശിഷ്ടം)-ൽനിന്നുള്ള ക്രിയയാണ് اختار. നല്ലതും തിയ്യതും കലർന്നതിൽനിന്ന് നല്ലതിനെ ബോധപൂർവം തെരഞ്ഞെടുത്താൽ اختار എന്നു പറയും. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടത് مختار . വ്യത്യസ്തമായ പലതിൽനിന്ന് ചിലത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം خيار ആകുന്നു. خيار -ന്റെ മറ്റൊരു രൂപമാണ് خيرة. ഇഛിക്കാനും തെരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം اختيارة ആകുന്നു. ഒരു ഇടപാട് നടത്തിയിട്ട് നിശ്ചിത കാലത്തിനുള്ളിൽ ആ ഇടപാട് ദുർബലപ്പെടുത്താൻ കക്ഷികൾക്ക് സ്വാതന്ത്ര്യം നൽകുന്നതിന് കർമശാസ്ത്ര ഭാഷയിൽ خيار എന്നു പറയുന്നു. നല്ലതേത്, തിയ്യതേത് എന്ന് തിട്ടപ്പെടാത്ത സന്ദിഗ്ധ ഘട്ടത്തിൽ നല്ലത് തിട്ടപ്പെട്ടു കിട്ടാൻ നടത്തുന്ന പ്രാർഥനയാണ് استخارة. പ്രവാചകൻ (സ) ഇസ്തിഖാറത്തിന്റെ രൂപം ഇപ്രകാരം പഠിപ്പിച്ചതായി ബൈഹഖി ഉദ്ധരിച്ച ഒരു നിവേദനത്തിൽ കാണാം. റസൂൽ (സ) ഞങ്ങൾക്ക് ഖുർആനിൽനിന്നുള്ള സൂറ പഠിപ്പിച്ചതുപോലെ കാര്യങ്ങളിൽ ഖൈർ തേടലും - الإستخارة في الأمر- പഠിപ്പിച്ചിരുന്നു. തിരുമേനി പറയുന്നു: നിങ്ങളിലൊരുവൻ ഒരു കാര്യത്തിന് തുനിയുമ്പോൾ നിർബന്ധ റുകൂഅ് ആയിട്ടല്ലാതെ രണ്ട് റക്അത്ത് റുകൂഅ് ചെയ്യട്ടെ. അനന്തരം പറയട്ടെ:

اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ، فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ وَيَعْلَمُ وَلاَ أَعْلَمُ وَأَنْتَ عَلاَّمُ الْغُيُوبِ، اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي وَ عَاجِلِ أَمْرِي وَآجِلِهِ فَاقْدُرْهُ لِي وَيَسِّرْهُ لِي وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي وَ عَاجِلِ أَمْرِي وَآجِلِهِ ـ فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ، وَاقْدُرْ لِي الْخَيْرَ حَيْثُ كَانَ وَ أَرْضِنِي بِهِ وَيُسَمِّي حَاجَتَهُ باسمها

(അല്ലാഹുവേ, നിന്റെ ജ്ഞാനത്തിന്റെ പേരിൽ ഞാൻ നല്ലതിനെ തേടുന്നു, നിന്റെ കഴിവിന്റെ പേരിൽ കഴിവിനെ തേടുന്നു. നിന്റെ അളവറ്റ അനുഗ്രഹത്തിൽനിന്ന് ഞാൻ യാചിക്കുന്നു. നിനക്ക് കഴിവുണ്ട്, എനിക്ക് കഴിവില്ല. നിനക്ക് എല്ലാം അറിയാം. എനിക്കറിയില്ല. നീ നിഗൂഢ രഹസ്യങ്ങളൊക്കെയും അറിയുന്നവനല്ലോ. അല്ലാഹുവേ, എന്റെ മുന്നിലുള്ള ഈ കാര്യം എനിക്ക് എന്റെ ദീനിലും ജീവിതത്തിലും എന്റെ കാര്യത്തിന്റെ പരിണതിയിലും ഈ ലോക കാര്യത്തിലും പരലോക കാര്യത്തിലും എല്ലാം ഗുണകരമെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് സാധ്യമാക്കുകയും എളുപ്പമാക്കുകയും ചെയ്യേണമേ, ഈ കാര്യം എന്റെ ദീനിനും ജീവിതത്തിനും പരിണതിക്കും ഈ ലോകത്തും പരലോകത്തും എനിക്ക് ദോഷകരമെന്ന് നീ അറിയുന്നുവെങ്കിൽ, എന്നിൽനിന്ന് അതിനെയും അതിൽനിന്ന് എന്നെയും നീ വഴിതിരിച്ചുവിടേണമേ! എവിടെയായാലും എനിക്ക് നീ നന്മ വിധിക്കേണമേ, നല്ലതുകൊണ്ട് എന്നെ സംതൃപ്തനാക്കേണമേ!) പിന്നെ പ്രാർഥിക്കുന്നയാൾക്ക് പ്രത്യേകം പറയാനുള്ള കാര്യങ്ങൾ പറയാം.

വചനതാൽപര്യമിതാണ്: പ്രവാചകൻ എവിടെ നിയോഗിക്കപ്പെടേണം, വേദം ആർക്ക് അവതരിപ്പിക്കപ്പെടണം എന്നൊന്നും തീരുമാനിക്കുന്നത് നിങ്ങളല്ല. അതൊന്നും തീരുമാനിക്കാനുള്ള അധികാര സ്വാതന്ത്ര്യം അൽപം പോലും നിങ്ങൾക്കില്ല. നിങ്ങളുടെ തീരുമാന പ്രകാരമാണോ നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്? ഇന്നേടത്ത് ഇന്നാളുടെ മക്കളായി ഇന്ന ലിംഗത്തിൽ പിറക്കണമെന്ന് നിങ്ങൾ തീരുമാനിച്ചതായിരുന്നുവോ? നിങ്ങളുടെ ഘടനയും കഴിവുകളും കഴിവുകേടുകളുമെല്ലാം അല്ലാഹു തീരുമാനിച്ചതാണ്. അവനു മാത്രമാണ് അത് തീരുമാനിക്കാനുള്ള അധികാരം. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയുടെയും കാര്യം ഇതുതന്നെയാണ്. അല്ലാഹു മാത്രമാണവയുടെയൊക്കെ ഏക സ്രഷ്ടാവും പരമാധികാരിയും. അവന്റെ സൃഷ്ടിക്കും പരമാധികാരത്തിനും വിധേയരായി വർത്തിക്കുകയാണ് നിങ്ങളുടെ കടമ. അതിലപ്പുറം ഏതെങ്കിലും സൃഷ്ടിയും അതിന്റെ ഘടനയും എവിടെ എപ്പോൾ എങ്ങനെ ആയിരിക്കണമെന്ന് തീരുമാനിക്കാനുള്ള ഒരധികാരവും നിങ്ങൾക്കില്ല. അല്ലാഹു പരമ പരിശുദ്ധനും അത്യുന്നതനുമാകുന്നു. മൂഢജനം അവന്റെ പേരിൽ ആരോപിക്കുന്ന പല ഗുണങ്ങളും നടപടികളും യഥാർഥത്തിൽ അവന്റെ പരമ വിശുദ്ധിയും സമ്പൂർണതയും ന്യൂനീകരിക്കുന്നതാണ്. അല്ലാഹുവാകട്ടെ ന്യൂനതകൾക്കെല്ലാം എത്രയോ അതീതനും അത്യുന്നതനുമാകുന്നു.

ആളുകൾ അന്തരാളങ്ങളിലൊളിച്ചുവെച്ചിരിക്കുന്ന രഹസ്യങ്ങളെല്ലാം അല്ലാഹു അറിയുന്നുണ്ട്. അവർ പരസ്യമായി വെളിപ്പെടുത്തുന്ന കാര്യങ്ങളുമറിയാം. എന്നിരിക്കെ കാര്യങ്ങൾ തീരുമാനിക്കാനും നടപ്പിലാക്കാനും അവനെന്തിനാണ് ഒരു പങ്കാളിയുടെയോ സഹായിയുടെയോ സേവനം? അറേബ്യൻ വിഗ്രഹാരാധകർ മലക്കുകളെയും ദൈവങ്ങളായി ആരാധിച്ചിരുന്നു. മലക്കുകൾ മഹത്വമുള്ള സൃഷ്ടികളാണെങ്കിലും അവരുടെ സമശീർഷതക്കും പങ്കാളിത്തത്തിനും എത്രയോ അതീതമാണ് അല്ലാഹുവിന്റെ മഹത്വം എന്ന് സൂചിപ്പിക്കുകയാണ് سبحان .......... يشركون എന്ന വാക്യമെന്നു പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

وَرَبُّكَ يَعْلَمُ مَا تُكِنُّ صُدُورُهُمْ وَمَا يُعْلِنُونَ ﴿٦٩﴾

69. അവർ മാറിടങ്ങളിലൊളിപ്പിക്കുന്ന ഗൂഢ രഹസ്യങ്ങളും പരസ്യപ്പെടുത്തുന്നതുമെല്ലാം നിന്റെ നാഥൻ നന്നായി അറിയുന്നുണ്ട്.

وَهُوَ اللَّهُ لَا إِلَٰهَ إِلَّا هُوَ ۖ لَهُ الْحَمْدُ فِي الْأُولَىٰ وَالْآخِرَةِ ۖ وَلَهُ الْحُكْمُ وَإِلَيْهِ تُرْجَعُونَ ﴿٧٠﴾

70. അവൻ സാക്ഷാൽ ദൈവമാകുന്നു. അവനല്ലാതെ ദൈവമേതുമില്ല. സ്തുതി സ്തോത്രങ്ങളൊക്കെയും അവനു മാത്രം അവകാശപ്പെട്ടതത്രെ. വിധികർതൃത്വം ഇഹത്തിലും പരത്തിലും അവനു മാത്രമുള്ളതാകുന്നു. നിങ്ങളൊക്കെയും അവങ്കലേക്കുതന്നെ തിരിച്ചയക്കപ്പെടുന്നതാകുന്നു.

**69,70**

وَرَبُّكَ يَعْلَمُ = നിന്റെ നാഥൻ അറിയുന്നു مَا تُكِنُّ صُدُورُهُمْ = അവരുടെ മാറിടങ്ങളിലൊളിപ്പിക്കുന്ന (ഗൂഢ രഹസ്യങ്ങൾ)

وَمَا يُعْلِنُونَ = അവർ പരസ്യമാക്കുന്നതും وَهُوَ = അവൻ اللَّهُ = സാക്ഷാൽ ദൈവമാകുന്നു

لَا إِلَٰهَ إِلَّا هُوَ = അവനല്ലാതെ ദൈവമേതുമില്ല لَهُ = അവന്നുള്ളത് (അവകാശപ്പെട്ടത് ആകുന്നു)

الْحَمْدُ = (അളഖിലം) സ്തുതി സ്തോത്രങ്ങൾ

فِي الْأُولَىٰ وَالْآخِرَةِ = ഇഹത്തിലും പരത്തിലും, തുടക്കത്തിലും ഒടുക്കത്തിലും, ആദിയിലും അന്ത്യത്തിലും

وَلَهُ الْحُكْمُ = വിധികർതൃത്വം അവന്നു മാത്രമുള്ളതാകുന്നു وَإِلَيْهِ = അവങ്കലേക്കു തന്നെ

تُرْجَعُونَ = നിങ്ങൾ (ഒക്കെയും) തിരിച്ചയക്കപ്പെടുന്നതാകുന്നു

ദൈവിക ജ്ഞാനത്തിന്റെ അപാരത പ്രകാശിപ്പിക്കുകയാണീ വാക്യം. നിങ്ങളുടെ മനസ്സിന്റെ അടിത്തട്ടിലൊളിഞ്ഞിരിക്കുന്ന എല്ലാ രഹസ്യങ്ങളും പരസ്യങ്ങളും അവൻ സൂക്ഷ്മമായി അറിയുന്നു. തന്റെ സാമ്രാജ്യത്തിലെ ഏതെങ്കിലും അംഗത്തിന്റെ ഒരു രഹസ്യമോ പരസ്യമോ വ്യക്തമായി മനസ്സിലാക്കാൻ താനല്ലാത്ത ആരുടെയും ഒരു സഹായവും അവനാവശ്യമില്ല. ഈ പ്രവാചകനെയും ദീനിനെയും തള്ളിപ്പറയുന്നതിന്റെ കാരണമായി നിങ്ങളുടെ മനസ്സുകളിലൊളിഞ്ഞിരിക്കുന്ന രഹസ്യങ്ങൾ അല്ലാഹുവിന് നന്നായി അറിയാം. നിങ്ങൾ പുറമെ പറയുന്ന കാരണങ്ങളുടെ യാഥാർഥ്യമെന്തെന്നും അവനറിയാം. നിങ്ങളുടെ വീൺവാക്കുകൾ കേട്ടല്ല, കാര്യങ്ങളുടെ യാഥാർഥ്യം പരിഗണിച്ചാണ് അവൻ തീർപ്പു കൽപിക്കുക. സാക്ഷാൽ ദൈവമാണവൻ. മഹത്വത്തിന്റെയും വിശുദ്ധിയുടെയും നന്മയുടെയും ഗുണങ്ങൾ അവനിൽ സർവ സമ്പൂർണമായിരിക്കുന്നു. അവനല്ലാതെ ദൈവമേതുമില്ല – ഇഹത്തിലും പരത്തിലും. ഈ ലോകത്താവട്ടെ, പരലോകത്താവട്ടെ സൃഷ്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളേതും അല്ലാഹുവിങ്കൽനിന്നു മാത്രം ലഭിക്കുന്നതാകുന്നു. ആകയാൽ ഇഹത്തിലും പരത്തിലും സ്തുതി സ്തോത്രങ്ങൾക്കർഹമായ അസ്തിത്വം അവൻ മാത്രമേയുള്ളൂ; മറ്റാരുമില്ല. ഇഹത്തിലും പരത്തിലും കാര്യങ്ങൾ വിധിക്കാനും നടപ്പിലാക്കാനുമുള്ള അധികാരവും അവനു മാത്രമാകുന്നു. നീതി മാത്രം വിധിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന വേദിയാണ് പരലോകം. വിശ്വസിച്ചവരും നിഷേധിച്ചവരും നീതിമാന്മാരും അക്രമകാരികളുമെല്ലാം ആ വേദിയിൽ ഒരുമിച്ചുകൂട്ടപ്പെടുകയും എല്ലാവർക്കും നീതി വിധിക്കുകയും ചെയ്യും. ●